**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4640** **29-10-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണം തടസ്സപ്പെട്ട കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ .പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് നൽകാനുള്ള തുക കൊടുത്ത് തീർക്കാത്തതിനാൽ നിർമ്മാണത്തിലിരിക്കുന്ന ഏതെങ്കിലും കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ; | (എ) | കരാറുകാർക്ക് നൽകാനുള്ള തുക കൊടുത്തു തീർക്കാത്തതിനാൽ നിർമാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. എന്നാൽ കരാറുകാർക്ക് തുക നൽകുവാൻ കഴിയാത്തതിനാൽ ചില പ്രവൃത്തികൾ മന്ദഗതിയിലായിട്ടുണ്ട് .  സ്റ്റേറ്റ് പ്ലാൻ സ്കീമുകളിലെ ചില പദ്ധതികളുടെ റോഡ് റെസ്റ്റോറേഷൻ തുക നൽകുവാൻ സാധിക്കാത്തതു കാരണം പദ്ധതികൾക്ക് ചെറിയ കാലതാമസം ഉണ്ടായിട്ടുണ്ട് . ഇക്കാരണത്താൽ കരാറുകാർ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട് . ഇത്തരത്തിലുള്ള ചില പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുന്ന സീതത്തോട് - പെരുനാട് (നിലയ്ക്കൽ) പഞ്ചായത്ത് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 766.69 ലക്ഷം രൂപ കുടിശ്ശികയുണ്ട് . 2. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ വരുന്ന മല്ലപള്ളി അനിക്കാട് , കോട്ടങ്ങൽ (ഭാഗികം)  രണ്ടാം ഘട്ട കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 179.52 ലക്ഷം രൂപ കരാറുകാർക്ക് കുടിശ്ശികയുണ്ട് . 3. കിഫ്ബി പദ്ധതിയിൽ തൃക്കൊടിത്താനം ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ മിഠായി കമ്പനി മുതൽ ഫാത്തിമപുരം വരെ ഡിഐ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് 47 ലക്ഷം രൂപ കുടിശ്ശികയുണ്ട് . |
| (ബി) | ഇപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | നിർമ്മാണം മന്ദഗതിയിലായ പ്രവൃത്തികൾ പൂർത്തിയാക്കാനായി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് . കിഫ്ബി പ്രവൃത്തികളുടെ തുക വിട്ടുതൽ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി കിഫ്ബിയ്ക്ക് ഫണ്ട് റിക്വസ്റ്റ് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട് . പ്രസ്തുത ഫണ്ടുകൾ നൽകുന്ന മുറയ്ക്ക് മന്ദഗതിയിലായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ് . |
| (സി) | കരാറുകാർക്കുള്ള കുടിശ്ശിക കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തെ ബാധിക്കാത്തവിധം സംവിധാനമൊരുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കുടിശ്ശിക ബില്ലുകളുടെ തുകയ്ക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച ഉപധനാഭ്യർത്ഥന (SDG) പരിശോധിച്ചു വരികയാണ് . |

സെക്ഷൻ ഓഫീസർ